(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റോഡുകളുടെ പണിക്ക് ഗ്യാരൻറി

* 41 [44] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിർമ്മിക്കുകയോ നന്നാക്കുകയോ ചെയ്യുന്ന റോഡുകളുടെ പണിക്ക് എന്തെങ്കിലും ഗ്യാരൻറി കാലാവധി ഉണ്ടോ ;

(ബി) റോഡുപണികളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് കോൺട്രാക്ടർമാർ ഒരു നിശ്ചിതകാലത്തേക്ക് ഉറപ്പുതരണമെന്ന് നിർദ്ദേശിക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവക്കാദർകുട്ടി നഹ) :

(എ) 6 മാസത്തെ കാലാവധി ഉണ്ട്.

(ബി) പ്രത്യേക നിർദ്ദേശത്തിൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മോഡൽ സ്ക്കൂളുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം

* 42. [45] ശ്രീമതി ഓർഗ്വി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡൽ സ്ക്കൂളുകൾ തുടങ്ങുന്നതിനെക്കുറിച്ച് കേന്ദ്ര ഗവൺമെൻറിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻറെ വിശദാംശം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള പ്രതിഭാ സമ്പന്നരായ വിദ്യാർത്ഥികൾക്കു നല്ല നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിനുദ്ദേശിച്ച ഓരോ ജില്ലയിലും ഓരോ സ്ക്കൂൾ വീതം എല്ലാ ജില്ലകളിലും "നവോദയ വിദ്യാലയ" എന്ന പേരിലുള്ള വിദ്യാലയങ്ങൾ 7-ാം പദ്ധതിക്കാലത്തു ആരംഭിക്കാൻ കേന്ദ്രഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. 1986-87-ൽ തന്നെ നവോദയ വിദ്യാലയങ്ങൾ ആരംഭിക്കണമെന്നു കേന്ദ്രസർക്കാർ ആഗ്രഹിക്കുന്നു. ഇതിലേക്കായി വൻതോതിലുള്ള കെട്ടിടങ്ങളൊന്നും ഇപ്പോൾ നിർമ്മിക്കേണ്ട ആവശ്യമില്ലെന്നും ഉപയോഗിക്കാതെ കിടക്കുന്ന പ്രൊജക്ടറ് സൈറ്റുകളും ഫാക്ടറി വളപ്പുകളും പഴയ കൊട്ടാരങ്ങളുമൊക്കെ ചെറിയ തോതിലുള്ള അറകുറ പണികൾ നടത്തി ഉപയോഗയോഗ്യമാക്കുന്നതായിരിക്കും നല്ലതെന്നുമാണ് കേന്ദ്രഗവൺമെൻറിൻറെ നിർദ്ദേശം. പരിസരവും കളിസ്ഥലങ്ങളും ഉൾപ്പെടെ 20 ഏക്കറോ അതിൽകൂടുതലോ ഓരോ സ്ക്കൂളിനും ഉണ്ടായിരിക്കണമെന്നും വിഭാവന ചെയ്തിട്ടുണ്ട്. ഗവൺമെൻറ് ഈ നിർദ്ദേശങ്ങളുടെ സാദ്ധ്യതകളെക്കുറിച്ച് ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ 1986-87-ലെ പ്രോഗ്രാമിനെക്കുറിച്ചുള്ള വിശദാംശങ്ങൾ കേന്ദ്രഗവൺമെൻറിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly